# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 91 — 12.06.2014 ൽ മറുപടിക്ക്

### ചെറുകിട സംരംഭകരുടെ ഉല്പന്നങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന കേന്ദ്രങ്ങളിൽ വില്പന നടത്താൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പുരുഷൻ കടലുണ്ടി<br>ശ്രീ. ബാബു. എം. പാലിശ്ശേരി<br>ശ്രീ. കെ.വി. വിജയദാസ്<br>ശ്രീമതി കെ. എസ്. സലീഖ | ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
| (എ) ചെറുകിട സംരംഭകരുടെ ഉല്പന്നങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന കേന്ദ്രങ്ങളിൽക്കൂടി വില്പന നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ; | (എ) ഉണ്ട്. ഡിപ്പോകൾ വഴി ഡിപ്പോ മാനേജ്മെന്റ് കമ്മിറ്റി കൂടി ചെറുകിട വ്യവസായ സംരംഭകരുടെ ഉൽപന്നങ്ങൾ പൊതുജനങ്ങളുടെ ആവശ്യാനുസരണം വാങ്ങുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) ഇതിനായി സംരംഭകരിൽ നിന്ന് കമ്മീഷൻ ഈടാക്കുന്നുണ്ടോ; ഇത് വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;<br><br>(സി) ഇത് സാധനങ്ങളുടെ വില വർദ്ധനവിനും ചെറുകിട സംരംഭകരുടെ തകർച്ചയ്ക്കും കാരണമാകും എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) & (സി) സംരംഭകരിൽ നിന്ന് കമ്മീഷൻ ഈടാക്കുന്നില്ല. ഓരോ ഉൽപന്നത്തിന്റെയും എം.ആർ.പി യുടെ 11 മുതൽ 20 ശതമാനം വരെ മാത്രമേ സപ്ലൈകോ മാർജിൻ ആയി ഈടാക്കുന്നുള്ളു. സപ്ലൈകോയുടെ എല്ലാ എഫ്.എം.സി.ജി. സാധനങ്ങൾക്കും പൊതു വിപണിയേക്കാൾ വളരെ വില കുറവാണ്. ചെറുകിട വ്യവസായ സംരംഭകർ, ഖാദി, കുടുംബശ്രീ ഉൽപന്നങ്ങൾ എന്നിവയ്ക്ക് പ്രത്യേകം പ്രധാന്യം നൽകണമെന്ന കർശനമായ നിർദ്ദേശം സപ്ലൈകോയ്ക്ക് നൽകിയിട്ടുണ്ട്. |
| (ഡി) ചെറുകിട ഉല്പന്നങ്ങളെ അവഗണിച്ചുകൊണ്ട് വൻകിട കമ്പനികളുടെ ഉല്പന്നങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ വിപണന കേന്ദ്രങ്ങളിലൂടെ വിപണനം നടത്തുന്നുണ്ടോ; എങ്കിൽ ആയത് തടയുമോ; | (ഡി) ചെറുകിട ഉല്പന്നങ്ങളെ അവഗണിച്ചിട്ടില്ല. പൊതുജനങ്ങളുടെ ആവശ്യാനുസരണം ചെറുകിട സംരംഭകരുടെ ഉൽപ്പന്നങ്ങളും വൻകിട കമ്പനികളുടെ ഉൽപ്പന്നങ്ങളും സപ്ലൈകോ വിപണനം നടത്തി വരുന്നു. ഉപഭോക്താക്കൾക്ക് ആവശ്യാനുസരണം എല്ലാ സാധനങ്ങളും മിതമായ നിരക്കിൽ ലഭ്യമാക്കുക എന്നതാണ് സപ്ലൈകോയുടെ ലക്ഷ്യം. ഉപഭോക്താവിന് ഇഷ്ടമുള്ള സാധനങ്ങൾ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ഇതിലൂടെ ലഭ്യമാകുന്നു. |
| (ഇ) വൻകിട ഉല്പന്നങ്ങളുടെ വിപണനത്തിനായി ചെറുകിട | (ഇ) ഇല്ല. ഉപഭോക്താവിന് ആവശ്യമുള്ള സാധനങ്ങൾ യഥേഷ്ടം തിരഞ്ഞെടുക്കാനുള്ള |

| | |
|---|---|
| സംരംഭകരുടെയും കുടും ബശ്രീ യൂണിറ്റുകളുടെയും ഉല്പന്നങ്ങൾ സപ്ലൈകോ നിരസിക്കുന്നുണ്ടോ; കമ്മീഷൻ വർദ്ധന ഇതിന്റെ ഭാഗമായിട്ടുള്ളതാണോ; വിശദമാക്കുമോ? | സാഹചര്യമാണ് സപ്ലൈകോയുടെ ലക്ഷ്യം. ഇതിനാൽ ചെറുകിട വ്യവസായ സംരംഭകർ, കുടുംബശ്രീ, ഉൾപ്പെടെ എല്ലാവിധ ഉൽപ്പാദ കരുടെയും ഉൽപന്നങ്ങൾ സപ്ലൈകോയിൽ ലഭ്യമാണ്. ഏതെങ്കിലും ഉൽപന്നത്തിനോ കമ്പനിക്കോ പ്രത്യേക പരിഗണന നൽകുന്നില്ല. ഉപഭോക്താവിന്റെ താൽപ്പര്യമാണ് ഇക്കാര്യ ത്തിൽ പരമ പ്രധാനം. സംരഭകരിൽ നിന്ന് കമ്മീഷൻ ഈടാക്കുന്നില്ല. |

Beena

**സെക്ഷൻ ഓഫീസർ**